**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3281** **01-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർക്ക് ആനുകല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് മേഖലയിലെ പ്രൈമറി വിദ്യാലയങ്ങളിൽ സർവീസ് സീനിയോറിറ്റി അനുസരിച്ച് 2021 ഒക്ടോബർ മുതൽ നടത്തിയ നിയമന ഉത്തരവുകൾ പ്രകാരം നിയമനം ലഭിച്ച പ്രധാന അദ്ധ്യാപകർക്ക് 27.11.22-ലെ J/1/01/21 പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ ആനുകല്യങ്ങളും ലഭിക്കുമ്പോൾ സർക്കാർ പ്രൈമറി മേഖലയിൽ പ്രസ്തുത സർക്കുലർ പ്രകാരമുള്ള ആനുകല്യങ്ങൾ ലഭിക്കാത്ത അവസ്ഥ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആനുകൂല്യങ്ങൾ എപ്പോൾ നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (എ) | പ്രൈമറി പ്രഥമ അദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് ട്രിബ്യൂണൽ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത കേസ് തീർപ്പായാലുടൻ തന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ